കേരള നിയമസഭാ നടപടികൾ

പത്താം കേരള നിയമസഭ
പതിനാലാം സമ്മേളനം

2000 ജൂൺ 28, ബുധൻ

വാല്യം III] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ, 8

നിയമസഭ 2000 ജൂൺ മാസം 28-ാം തീയതി ബുധനാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. വിജയകുമാറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

(i) വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ : ഓർഡർ, ഓർഡർ, ... ചോദ്യം നമ്പർ 211.

ശബരിമലയിൽ നടപ്പാക്കാനുദ്ദേശിക്കുന്ന വികസന പദ്ധതികൾ

1 (*211)ശ്രീ. പി.കെ. കുമാരൻ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. എം.പി. വർഗ്ഗീസ് :
ശ്രീ. വി.കെ. ചന്ദ്രൻ :
ശ്രീ. പി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമലയിൽ നടപ്പാക്കാനുദ്ദേശിക്കുന്ന വികസനം സംബന്ധിച്ച് എന്തെങ്കിലും ശുപാർശകൾ കഴിഞ്ഞ മാർച്ച്മാസം സ്ഥലം സന്ദർശിച്ച പാർലമെന്റ് സമിതി മുൻപാകെ സർക്കാർ സമർപ്പിച്ചുവോ;

(ബി) എങ്കിൽ ഏതൊക്കെ വികസന പ്രവർത്തനങ്ങളാണ് സമിതി മുൻപാകെ സമർപ്പിച്ചിരുന്നതെന്ന് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത ശുപാർശകളിൻമേൽ കേന്ദ്ര സമിതി എന്തെങ്കിലും ഉറപ്പ് സംസ്ഥാന സർക്കാരിന് നൽകിയിരുന്നുവോ;

(ഡി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ഇ) ശബരിമലയിലെ സീസൺ കാലത്ത് അനുഭവപ്പെടാറുള്ള വാഹനത്തിരക്കിനു പരിഹാരം കാണുന്നതിനായി സമാന്തര പാതകൾ നിർമ്മിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(എഫ്) എങ്കിൽ ഏതൊക്കെ പ്രദേശങ്ങൾ ഉൾപ്പെടുത്തിയാണ് സമാന്തരപാതകൾ നിർമ്മിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ജി) സമാന്തരപാതകളുടെ നിർമ്മാണം സംബന്ധിച്ച് പൊതു മരാമത്തു വകുപ്പ് എന്തെങ്കിലും പഠനം നടത്തിയതായി അറിവുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(എച്ച്) ശബരിമലയിലെ വികസനത്തിനായി എത്ര ഹെക്ടർ സ്ഥലം ആവശ്യമായി വരുമെന്നാണ് കേന്ദ്ര സമിതിയെ അറിയിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ഐ) ശബരിമലയിലെ വികസന പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്താൻ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുമോ?

വനവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. സി.കെ. നാണു):

(എ) ശബരിമലയിൽ നടപ്പാക്കാനുദ്ദേശിക്കുന്ന വികസനം സംബന്ധിച്ചും അതിനാവശ്യമായ വനഭൂമി ലഭ്യമാക്കുന്നതിനെക്കുറിച്ചും ദേവസ്വം ബോർഡ്, പാർലമെന്ററി സമിതിക്ക് മെമ്മോറാണ്ടം സമർപ്പിച്ചിരുന്നു.

(ബി) മരക്കൂട്ടത്ത് തീർത്ഥാടകർക്ക് വിരി വയ്ക്കുന്നതിനുവേണ്ടി 10.08 ഹെക്ടർ സ്ഥലവും അപ്പാച്ചിമേട്ടിൽ കാർഡിയോളജി സെന്ററിനു വേണ്ടി 0.52 ഹെക്ടർ സ്ഥലവും ചെറിയാനവട്ടത്ത് സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിനായി 0.52 ഹെക്ടർ സ്ഥലവും വലിയാനവട്ടത്ത് 2.4 ഹെക്ടർ സ്ഥലവും പമ്പാ കെ.എസ്.ആർ.ടി.സി ബസ് സ്റ്റാൻഡിന് സമീപം 5 ഹെക്ടർ സ്ഥലവും കുന്നാറിൽ ജലസംഭരണം മെച്ചപ്പെടുത്തുന്നതിന് 0.2 ഹെക്ടർ സ്ഥലവും ഉൾപ്പെടെ 20 ഹെക്ടർ വനഭൂമി വിട്ടുകിട്ടുന്നതിനുള്ള നിർദ്ദേശങ്ങളാണ് ദേവസ്വംബോർഡ് സമർപ്പിച്ചത്. ഇതുകൂടാതെ നിലയ്ക്കലിൽ ഇടത്താവളം ഉണ്ടാക്കുന്നതിന് 50 ഏക്കർ സ്ഥലവും ഇപ്പോൾ ഫാമിംഗ് കോർപ്പറേഷന്റെ കൈവശമുള്ള ഭൂമിയിൽ നിന്ന് പാട്ടത്തിന് നൽകുന്നതിനും ചാലക്കയം-പമ്പാ റോഡിന്റെ വികസനം പൂർത്തിയാക്കുന്നതിന് 1.7 ഹെക്ടർ സ്ഥലം അനുവദിക്കുന്നതിനും ദേവസ്വം ബോർഡ് മെമ്മോറാണ്ടത്തിൽ അഭ്യർത്ഥിച്ചിട്ടുണ്ട്.

(സി&ഡി) ഉറപ്പുകളൊന്നും നൽകിയിട്ടില്ല. എന്നാൽ പരിസ്ഥിതിക്ക് കോട്ടംവരാത്തരീതിയിൽ അനുഭാവപൂർവ്വം പരിഗണിക്കാമെന്ന് സമ്മതിച്ചിട്ടുണ്ട്.

(ഇ) ഉണ്ട്.

(എഫ്) എരുമേലിയിൽനിന്ന് തുലാപ്പള്ളി, അയ്ത്തലപ്പടി, കിസുമം, അട്ടത്തോട് എന്നീ സ്ഥലങ്ങളിൽക്കൂടി പമ്പയിൽ എത്തിച്ചേരുന്ന റോഡാണ് പരിഗണനയിലുള്ളത്.

(ജി) സമാന്തരപാതയുടെ നിർമ്മാണം സംബന്ധിച്ച് ''എൻവയോൺമെന്റ് ഇംപാക്ട് അസസ്മെന്റ്'' പഠനം നടത്തുന്നതിന് ''നാട്പാക്കി''നെ ഏൽപ്പിച്ചിട്ടുണ്ട്.

(എച്ച്) അടിയന്തിരമായി 20 ഹെക്ടർ വനഭൂമി വിട്ടുകിട്ടണമെന്നാണ് കേന്ദ്രസമിതിയോട് ആവശ്യപ്പെട്ടിരിക്കുന്നത്.

(ഐ) സംസ്ഥാന സർക്കാരും കേരളത്തിൽ നിന്നുള്ള പാർലമെന്റ് അംഗങ്ങളും ഇക്കാര്യത്തിൽ സമ്മർദ്ദം ചെലുത്തിവരുന്നുണ്ട്.

ശ്രീ. പി.കെ. കുമാരൻ : സർ, ശബരിമല വികസനത്തിന്റെ പ്രോജക്ടിനെ സംബന്ധിച്ചിടത്തോളം ബഹുമാനപ്പെട്ട മന്ത്രി ഇപ്പോൾ നൽകിയ ഉത്തരത്തിൽ നിന്നും മനസ്സിലാക്കുന്നത്, ശബരിമലയെ മാത്രം

LIBRARY ARCHIVES Kerala Legislative Assembly

ചുറ്റിപ്പറ്റിയാണ് ഇത് കേന്ദ്രീകരിച്ചിട്ടുള്ളത് എന്നാണ്. ശബരിമലയുമായി ബന്ധപ്പെടുന്ന മറ്റ് മേഖലകളുടെ, പന്തളം ഉൾപ്പെടെയുള്ള പ്രദേശങ്ങളുടെ വികസനത്തിനുള്ള പദ്ധതികളുംകൂടി ഇതിന്റെ ഭാഗമായി ഏറ്റെടുക്കാനാവശ്യമായ നിവേദനം കേന്ദ്രത്തിൽ സമർപ്പിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

<u>ശ്രീ. സി.കെ. നാണു</u> : സർ, ശബരിമല വികസനത്തിനും തീർത്ഥാടകർക്ക് കൂടുതൽ സൗകര്യങ്ങൾ ലഭിക്കുന്നതിനും ആവശ്യമായ പദ്ധതി സംബന്ധിച്ച അഭ്യർത്ഥനയാണ് കേന്ദ്ര ഗവൺമെന്റിന്റെ മുൻപാകെ ശബരിമല ദേവസ്വംബോർഡ് നടത്തിയിരിക്കുന്നത്.

<u>ശ്രീ. പി.കെ. കുമാരൻ</u> : ശബരിമല തീർത്ഥാടകരെ സംബന്ധിച്ചിടത്തോളം ഏറ്റവും പ്രധാനമായിട്ടുള്ള പ്രശ്നം അവർക്ക് വളരെയേറെ യാത്രാബുദ്ധിമുട്ടുകൾ അനുഭവപ്പെടുന്നുവെന്നുള്ളതാണ്. ശബരിമലയിലേയ്ക്ക് ട്രാൻസ്പോർട്ട് ബസ്സുകളിൽ പോകുന്നവർ മണിക്കൂറുകളോളം ക്യൂവിൽ കിടക്കേണ്ട സ്ഥിതിയാണ് ഇന്നുള്ളത്. ഇതെല്ലാം പരിഗണിച്ചാണ് നേരത്തെതന്നെ ശബരി റെയിൽപ്പാതയെ സംബന്ധിച്ചുള്ള സർവ്വേയും മറ്റും നടന്നിട്ടുള്ളത്. ആ സർവ്വേയിൽ ചെങ്ങന്നൂർ, കോട്ടയം മുതലുള്ള റെയിൽപ്പാതകളെക്കുറിച്ചും കായംകുളത്തു നിന്നുള്ള റെയിൽപ്പാതയെക്കുറിച്ചുമെല്ലാം ചർച്ചകൾ നടന്നിട്ടുണ്ട്. ആ റെയിൽപ്പാതയടക്കമുള്ള കാര്യങ്ങളെക്കുറിച്ചുള്ള നിർദ്ദേശങ്ങളിൽ ഏതെങ്കിലും ഇപ്പോൾ ഉൾപ്പെടുത്തിയിട്ടുണ്ടോ?

<u>ശ്രീ. സി.കെ. നാണു</u>: ശബരി റെയിൽപ്പാതയെ സംബന്ധിച്ചിടത്തോളം കേന്ദ്ര റെയിൽവേ വകുപ്പിന്റെ സർവ്വേ പ്രോജക്ട് വർക്ക് നടന്നുകൊണ്ടിരിക്കുകയാണ്. അത് കഴിയുന്നതുംവേഗം നടപ്പാക്കണമെന്നാണ് കേന്ദ്ര റെയിൽവേ സഹമന്ത്രി ശ്രീ. ബംഗാരുലക്ഷ്മൺ കൊല്ലം ജില്ലയിൽ വന്ന അവസരത്തിൽ എന്നോട് പറഞ്ഞത്. അതുപോലെ, യാത്രാസൗകര്യത്തിന്റെ കാര്യത്തിൽ, കേരളത്തിലെ ട്രാൻസ്പോർട്ട് ബസ്സുകളും സ്വകാര്യ ബസ്സുകളുമെല്ലാം ഉപയോഗിച്ച് ശബരിമലയിലേയ്ക്ക് വരുന്ന തീർത്ഥാടകരുടെ യാത്രാബുദ്ധിമുട്ടുകൾ പരമാവധി കുറയ്ക്കാൻ ആവശ്യമായ എല്ലാ നടപടികളും സ്വീകരിക്കാവുന്നതാണ്. കഴിഞ്ഞവർഷം അതുസംബന്ധിച്ച് ആക്ഷേപങ്ങളൊന്നും ഉണ്ടായിട്ടില്ല. ഈ വർഷം ഗതാഗതസൗകര്യം കൂടുതൽ നല്ല നിലയിൽ ഏർപ്പെടുത്താനുള്ള ശ്രമങ്ങൾ നടത്തുന്നതാണ്.

<u>ശ്രീ. ടി.കെ. നൗഷാദ്</u> : സർ, ഇൻഡ്യയിൽ ഏറ്റവും കൂടുതൽ തീർത്ഥാടകർ എത്തുന്ന ഒരു കേന്ദ്രമാണ് ശബരിമല. ശബരിമലയിലും എരുമേലിയിലും എത്തുന്ന തീർത്ഥാടകർക്ക് ദുരന്തം എന്തെങ്കിലും ഉണ്ടായാൽ 130 കിലോമീറ്റർ അകലെയുള്ള കോട്ടയം മെഡിക്കൽകോളേജ് ആശുപത്രിയിലാണ് ചികിത്സയ്ക്ക് കൊണ്ടുപോകേണ്ടത്. ഈ സ്ഥിതിവിശേഷം ഒഴിവാക്കാൻ ശബരിമലയ്ക്കും എരുമേലിയ്ക്കും ഇടയിൽ ഒരു സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രി കേന്ദ്ര സർക്കാർ സഹായത്തോടെ ആരംഭിക്കുന്നതിനുവേണ്ടി സർക്കാരും ദേവസ്വംബോർഡും തയ്യാറാകുമോ?

<u>ശ്രീ. സി.കെ. നാണു</u> : രണ്ടുകൊല്ലം മുൻപുണ്ടായ ദുരന്തത്തിന്റെ അനുഭവം കണക്കിലെടുത്തുകൊണ്ടുതന്നെ ശബരിമലയ്ക്ക് വളരെ അടുത്തുള്ള പത്തനംതിട്ട ജില്ലാ ആശുപത്രിയിൽ ശബരിമല തീർത്ഥാടനകാലത്ത് മറ്റ് ഭാഗങ്ങളിലുള്ളതിനേക്കാളും കൂടുതൽ ഡോക്ടർമാരെ കൊണ്ടുവരികയും, ഹൃദ്രോഗമടക്കമുള്ള രോഗങ്ങൾ ചികിത്സിക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

സൗകര്യമുള്ള എല്ലാവിധ ചികിത്സാ സംവിധാനങ്ങളും ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. അതുപോലെതന്നെ അതിന് സമീപത്തുള്ള ആശുപത്രികളിലും എല്ലാവിധ ചികിത്സാ സംവിധാനങ്ങളും ഏർപ്പെടുത്തുമെന്ന് ബഹുമാനപ്പെട്ട ആരോഗ്യവകുപ്പുമന്ത്രി പറയുകയും, അതിന്റെ അടിസ്ഥാനത്തിൽ സംയുക്തമായി എല്ലാ വകുപ്പിലെയും ഉദ്യോഗസ്ഥരെയും വിളിച്ച് ചർച്ച ചെയ്ത അവസരത്തിൽ അക്കാര്യം വ്യക്തമാക്കുകയും ചെയ്തിട്ടുണ്ട്.

<u>ശ്രീ. ടി.കെ. നൗഷാദ്</u> : എരുമേലി-ചാലക്കയം എൻ.എച്ചിന്റെ നിർമ്മാണത്തിന് ബഡ്ജറ്റിൽ പണം ഉണ്ടായിട്ടും അവസാന ഘട്ടത്തിൽ വനം വകുപ്പിന്റെ അനുമതി ലഭിക്കാത്തതിനാൽ കഴിഞ്ഞ ആഴ്ച മുതൽ നിർമ്മാണം മുടങ്ങിയിരിക്കുകയാണ്. അതുകൊണ്ട് വനംവകുപ്പിന്റെ ബാംഗ്ലൂർ-ഡൽഹി ഓഫീസുകളുമായി ബന്ധപ്പെട്ട് ഹൈവേ നിർമ്മാണം പുനരാരംഭിക്കാനുള്ള നടപടി സ്വീകരിക്കുമോ?

<u>ശ്രീ. സി.കെ. നാണു</u> : അനുഭവത്തിന്റെ അടിസ്ഥാനത്തിൽ എനിക്ക് പറയാൻ സാധിക്കും. നിയമപ്രകാരം സാധാരണ നിലയ്ക്ക് വനംവകുപ്പിന്റെ സ്ഥലം വിട്ടുകിട്ടുകയെന്നുള്ളത് വളരെ ബുദ്ധിമുട്ടുള്ള കാര്യമാണ്. വനം കയ്യേറ്റമൊക്കെ നടന്ന് വനത്തിന്റെ വിസ്തൃതി കുറഞ്ഞശേഷം പരമാവധി വനം സംരക്ഷിക്കുകയെന്നുള്ളതാണ് കേന്ദ്ര വനംവകുപ്പിന്റെ പ്രത്യേകമായ നിർദ്ദേശം. സുപ്രീം കോടതിയടക്കമുള്ള കോടതികളും വനത്തിന്റെ വിസ്തൃതി കുറയ്ക്കുന്നത് ഒഴിവാക്കാൻ അങ്ങേയറ്റം ശ്രമിച്ചുകൊണ്ടിരിക്കുന്ന ഒരവസരമാണ്. അതുകൊണ്ട് റോഡുകൾ നിർമ്മിക്കാൻ വനം വിട്ടുകിട്ടുകയെന്നുള്ളത് വളരെ എളുപ്പമുള്ള കാര്യമല്ല.

<u>ശ്രീ. എം.പി. വർഗ്ഗീസ്</u> : സർ, ശബരിമലയിൽ ഇപ്പോൾ ചില പ്രത്യേക സീസണിൽ മാത്രമാണ് തീർത്ഥാടകർക്ക് ദർശനം അനുവദിച്ചിട്ടുള്ളത്. തിരുപ്പതിപോലെ ശബരിമലയിലും തീർത്ഥാടകർക്ക് ഏത് സന്ദർഭങ്ങളിലും ദർശനം നടത്തുന്നതിനുള്ള സൗകര്യങ്ങളുണ്ടാക്കാൻ ശ്രമിക്കുമോ; അതിന് കഴിയുമോ?

<u>ശ്രീ. സി.കെ. നാണു</u> : ക്ഷേത്രങ്ങളിൽ ചിലതിന് അതിന്റേതായ പ്രത്യേകതകളുണ്ട്. പ്രത്യേക മാസങ്ങളിലും അതുപോലെതന്നെ ഒന്നാം തീയതി മുതൽ അഞ്ചാം തീയതിവരെയുമാണ് ശബരിമലയിൽ ദർശനം അനുവദിച്ചിട്ടുള്ളത്. അതുകൊണ്ട് മറ്റ് സമയങ്ങളിൽ സാധാരണ നിലയ്ക്ക് ദർശനം അനുവദിക്കാൻ സാധിക്കുകയില്ല.

<u>ശ്രീ. എം.പി. വർഗ്ഗീസ്</u> : ശബരി റെയിൽപ്പാതയുടെ വികസനത്തെ സംബന്ധിച്ച് പറയാൻ തുടങ്ങിയിട്ട് വർഷങ്ങളായി. അതിന്റെ സർവ്വേ നടത്തിയിട്ടുണ്ടോ; ഇപ്പോൾ അത് ഏത് ഘട്ടത്തിലാണ്; എന്നത്തേയ്ക്ക് തുടങ്ങാൻ കഴിയുമെന്ന് അറിയാൻ കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനാവശ്യമായ നടപടി സ്വീകരിക്കാൻ സംസ്ഥാന ഗവൺമെന്റ് തയ്യാറാകുമോ?

<u>ശ്രീ. സി.കെ. നാണു</u> : അതിന്റെ സർവ്വേ നടന്നു കൊണ്ടിരിക്കുകയാണ്. ഇടുക്കി ജില്ലയെ പ്രതിനിധീകരിക്കുന്ന പാർലമെന്റ് അംഗം അത് യാഥാർത്ഥ്യമാക്കാൻ ഈ പ്രോജക്ടുമായി ബന്ധപ്പെട്ടുകൊണ്ട് കേന്ദ്ര റെയിൽവേ വകുപ്പിൽ സമ്മർദ്ദം ചെലുത്തിക്കൊണ്ടിരിക്കുകയാണ്. സംസ്ഥാന ഗവൺമെന്റും ശബരി റെയിൽപ്പാത പ്രാവർത്തികമാക്കാൻ പരമാവധി കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി.കെ. ചന്ദ്രൻ : സർ, ശബരിമല തീർത്ഥാടകർക്ക് നിലയ്ക്കലിൽ വിപുലമായ സൗകര്യങ്ങൾ ഒരുക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

ശ്രീ. സി.കെ. നാണു : സർ, നിലയ്ക്കലിൽ ഫോറസ്റ്റ് വകുപ്പ് ലീസിനു കൊടുത്തിരുന്ന അൻപത് ഏക്കർ സ്ഥലം ശബരിമലയുടെ ആവശ്യങ്ങൾക്കായി കൊടുക്കാൻ തീരുമാനിച്ചിരിക്കുകയാണ്. വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിനും അതുമായി ബന്ധപ്പെട്ട മറ്റ് പ്രധാനമായ പ്രശ്നങ്ങൾക്കു മൊക്കെ പരിഹാരമുണ്ടാക്കാൻ അതിലൂടെ സാധിക്കുമെന്നാണ് തോന്നുന്നത്.

ശ്രീ. വി.കെ. ചന്ദ്രൻ : സർ, ശബരിമലയിൽ വിപുലമായ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി അദ്ദേഹത്തിന്റെ മറുപടിയിൽ വിശദമാക്കിയിട്ടുണ്ട്. ഇതിനുവേണ്ടി ദേവസ്വം ബോർഡ് ഒട്ടനവധി ഏക്കർ സ്ഥലം ആവശ്യപ്പെട്ടതായി വാർത്ത വരികയുണ്ടായി. ഇതിനിടയ്ക്ക് കേന്ദ്ര ഗവൺമെന്റ് എത്ര ഭൂമി അനുവദിച്ചിട്ടുണ്ട്; ഫാമിംഗ് കോർപ്പറേഷന്റെ കൈവശമുള്ള വനഭൂമി ഉപയോഗിക്കാൻ അനുവാദം ലഭ്യമായിട്ടുണ്ടോ എന്നുകൂടി വിശദമാക്കാമോ?

ശ്രീ. സി.കെ. നാണു : സർ, ഫാമിംഗ് കോർപ്പറേഷന്റെ കൈവശമുള്ള അൻപത് ഏക്കർ സ്ഥലം ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിന്റെ സ്ഥലമാണ്. ഫാമിംഗ് കോർപ്പറേഷന്റെ ലീസിന്റെ കാലാവധി കഴിഞ്ഞ് ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിന്റെ കൈവശം ആ സ്ഥലം വരുന്നതോടുകൂടി ആ അൻപത് ഏക്കർ ഭൂമി ശബരിമലയ്ക്ക് കൊടുക്കാൻ ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റ് തീരുമാനിച്ചിട്ടുണ്ട്. കേന്ദ്ര സംഘം ഇവിടെ വന്ന അവസരത്തിൽ സംസ്ഥാന ഫോറസ്റ്റ് വകുപ്പ് അത് അനുവദിച്ചതാണ്.

ശ്രീ. പി. രാഘവൻ : സർ, ശബരിമല ഒരു ദേശീയ തീർത്ഥാടന കേന്ദ്രമാണല്ലോ. ആ നിലയിൽ കേന്ദ്ര ഗവൺമെന്റിൽനിന്നും എന്തെല്ലാം സഹായം ശബരിമലയുടെ വികസനത്തിനായി ലഭിച്ചിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ശ്രീ. സി.കെ. നാണു : സർ, ശബരിമലയുടെ വികസനത്തെ സംബന്ധിച്ച് പ്രധാനമായും ആവശ്യപ്പെട്ടിട്ടുള്ളത് റെയിൽവേയുടെ കാര്യമാണ്. ദേവസ്വംബോർഡ് ആവശ്യപ്പെടുന്ന രൂപത്തിൽ വനം അനുവദിക്കാൻ സംസ്ഥാന വനം വകുപ്പിന് നിർവ്വാഹമില്ല. അതിന് അനുവാദം തരേണ്ടത് കേന്ദ്ര വനം വകുപ്പാണ്. അതുകൊണ്ട് ഇരുപത് ഹെക്ടർ സ്ഥലം ശബരിമലയുടെ വികസനത്തിനുവേണ്ടി തിരുവിതാംകൂർ ദേവസ്വത്തിന് നൽകണമെന്ന് സംസ്ഥാന വനം വകുപ്പും ദേവസ്വം ബോർഡും തമ്മിൽ ചർച്ച ചെയ്ത് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര ഗവൺമെന്റിന്റെ മുൻപാകെ നിവേദനം നൽകിയതാണ്. അത്തരത്തിലുള്ള കാര്യങ്ങളാണ് കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടത്. മറ്റ് ചില കാര്യങ്ങളും സംസ്ഥാന ഗവൺമെന്റ് ആവശ്യപ്പെട്ടിട്ടുണ്ട്. അത് എന്തൊക്കെയാണെന്ന് പിന്നീട് വിശദമായി അറിയിക്കുന്നതാണ്.

ശ്രീ. പി. രാഘവൻ : സർ, ശബരിമല തീർത്ഥാടന കാലത്ത് തീർത്ഥാടകരെ സഹായിക്കാൻ വേണ്ടി, പ്രത്യേകിച്ചും മലബാറിൽനിന്നുള്ള സ്റ്റേറ്റ് ബസ്സുകളാണ് ഉപയോഗിക്കുന്നത്. അവിടെ മറ്റ് യാത്രക്കാരുടെ പ്രശ്നം വരുകയാണ്. അതിനുപകരം ശബരിമലയ്ക്കുള്ള ബസുകൾ കാസർകോടുനിന്നും തലപ്പാടിയിൽനിന്നും പുറപ്പെടുന്ന രീതിയിൽ യാത്ര

ക്കാരെ ബുദ്ധിമുട്ടിക്കാത്ത ഒരു സംവിധാനത്തിന് ബഹുമാനപ്പെട്ട മന്ത്രി രൂപം നൽകുമോ?

ശ്രീ. സി.കെ. നാണു : സർ, കഴിഞ്ഞ പ്രാവശ്യമുണ്ടായതിനേക്കാൾ കൂടുതൽ ട്രാൻസ്പോർട്ട് ബസ്സുകൾ സംസ്ഥാനത്തിന്റെ ഏതു ഭാഗത്തു നിന്നും ഈ പ്രാവശ്യം ശബരിമലയിലേക്ക് ഉപയോഗിക്കാൻ സാധിക്കും.

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : സർ, ശബരിമല ദേശീയ തീർത്ഥാടന കേന്ദ്രമാക്കി മാറ്റണമെന്ന് പറഞ്ഞുതുടങ്ങിയിട്ടു കാലം കുറേയായി. യഥാർത്ഥത്തിൽ കേന്ദ്ര ഗവൺമെന്റ് ശബരിമലയെ ഒരു ദേശീയ തീർത്ഥാടന കേന്ദ്രമാക്കി പ്രഖ്യാപിച്ചിട്ടുണ്ടോ; അങ്ങനെ പ്രഖ്യാപിക്കാൻ സംസ്ഥാന സർക്കാർ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്?

ശ്രീ. സി. കെ. നാണു : സർ, ദേവസ്വം ബോർഡുതന്നെ കേന്ദ്ര ഗവൺമെന്റിന്റെ മുൻപാകെ ശബരിമലയെ ഒരു ദേശീയ തീർത്ഥാടന കേന്ദ്രമാക്കി മാറ്റണമെന്നുള്ള അടിസ്ഥാനത്തിൽ നിവേദനം നൽകിയിട്ടുണ്ട്. അതിന് ഏതാണ്ട് അംഗീകാരം ലഭിക്കുന്ന രൂപത്തിൽ നടപടികൾ സ്വീകരിച്ചുവരുന്നുവെന്നാണ് മനസ്സിലാക്കാൻ സാധിച്ചിട്ടുള്ളത്.

ശ്രീ. എ. കണാരൻ : സർ, ശബരിമലയുടെ വികസനത്തിനായി കോടിക്കണക്കിനു രൂപയാണ് സംസ്ഥാന ഗവൺമെന്റ് ചെലവാക്കിയിട്ടുള്ളത്. അവിടെ വരുന്ന ഭക്തൻമാർക്ക് യഥേഷ്ടം സഞ്ചരിക്കാൻ റോഡുണ്ടാക്കാനും അവിടെ ചെന്നുകഴിഞ്ഞാൽ രോഗം വന്നാൽ ചികിത്സിക്കാനുള്ള സംവിധാന മുണ്ടാക്കാനും മൃഗങ്ങളിൽനിന്നുള്ള സംരക്ഷണത്തിനുമായി ഒരുപാട് കാര്യങ്ങൾ ചെയ്തുകൊടുത്തുകൊണ്ടിരിക്കുന്നു. നാടിന്റെ നാനാഭാഗങ്ങളിൽ നിന്നും ലക്ഷക്കണക്കിന് തീർത്ഥാടകർ ശബരിമലയിൽ എത്തുന്നതിന്റെ ഫലമായി കോടിക്കണക്കിനു രൂപ കാണിയ്ക്കയിനത്തിലും മറ്റും ശബരിമല ക്ഷേത്രത്തിൽ ലഭിക്കുന്നുണ്ട്. ആ പണം ഈ റോഡിന്റെ വികസനത്തിനു വേണ്ടിയും ആശുപത്രിക്കുവേണ്ടിയും മറ്റു വികസനത്തിനുവേണ്ടിയും ചെലവാക്കാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ?

ശ്രീ. സി. കെ. നാണു : സർ, സ്വീകരിക്കാം. തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിൽ 1194 ക്ഷേത്രങ്ങളുണ്ട്. അതിന് സർക്കാരിൽ നിന്ന് വർഷംതോറും ഗ്രാന്റായി നൽകുന്നത് 46.5 ലക്ഷം രൂപയാണ്. പതിനഞ്ച് ലക്ഷം രൂപയാണ് സ്പെഷ്യൽ ഗ്രാന്റ്. ശബരിമലയിലേയും മറ്റ് ഒന്നു രണ്ടു ക്ഷേത്രങ്ങളിലേയും വരുമാനത്തെ ആശ്രയിച്ചാണ് ദേവസ്വം ബോർഡ് മറ്റ് ക്ഷേത്രങ്ങളെ സംരക്ഷിച്ച് വരുന്നത്. അതുകൊണ്ടാണ് തിരുവിതാംകൂർ ദേവസ്വംബോർഡിന്റെ കീഴിലുള്ള ക്ഷേത്രങ്ങളെല്ലാം നല്ല നിലയിൽ നടക്കുന്നത്. അതോടൊപ്പം തന്നെ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ കഴിഞ്ഞ സീസണിൽ ശബരിമലയിൽ കാണിക്കയായി 16.31 കോടി രൂപയും ലേലം ചെയ്ത ഇനത്തിൽ 7.68 കോടി രൂപയും കിട്ടി. മറ്റു തരത്തിലുള്ള വരുമാനവും ഉണ്ട് പ്രസാദവിതരണം വഴി 23.93 കോടി രൂപ കിട്ടി. ആകെ വരുമാനം 47.93 കോടി രൂപയാണ്. 6.559 കിലോഗ്രാം സ്വർണ്ണവും 86 കിലോഗ്രാം വെള്ളിയും കിട്ടിയിട്ടുണ്ട്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, ശബരിമലയിൽ കഴിഞ്ഞ പ്രാവശ്യമുണ്ടായ ദുരന്തത്തിൽ അൻപത്തിരണ്ട് ആളുകൾ മരിക്കാനിടയായി. നമ്മുടെ രാജ്യത്തെ തീർത്ഥാടനകേന്ദ്രങ്ങളിലുണ്ടായ വളരെ ദാരുണമായ ഒരു ദുരന്തമായിരുന്നു അത്. ആ ദുരന്തത്തെപ്പറ്റി അന്വേഷിക്കുന്നതിന് ഗവൺമെന്റ്

LIBRARY ARCHIVES Kerala Legislative Assembly

ഒരു റിട്ടയേർഡ് ജഡ്ജിയെ നിയോഗിച്ചു. ആ റിട്ടയേർഡ് ജഡ്ജിയുടെ റിപ്പോർട്ട് ഗവൺമെന്റിന്റെ പക്കലുണ്ട്. ആ റിട്ടയേർഡ് ജഡ്ജി അന്നുണ്ടായിരുന്ന ശബരിമലയിലെ ക്രമീകരണങ്ങളെപ്പറ്റി നിശിതമായി വിമർശിച്ചുകൊണ്ടാണ് റിപ്പോർട്ട് കൊടുത്തതെന്നാണ് പത്രങ്ങളിൽ നിന്നും ഞങ്ങൾ മനസ്സിലാക്കുന്നത്. അന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിയമസഭയിൽ പറഞ്ഞത് ഗവൺമെന്റ് എല്ലാ ക്രമീകരണങ്ങളും പരിപൂർണ്ണമായി നിറവേറ്റിയിരുന്നുവെന്നാണ്. മുഖ്യമന്ത്രിയുടെ അന്നത്തെ അവകാശവാദത്തിനു വിരുദ്ധമായി ഈ റിപ്പോർട്ടിനകത്ത് വന്നിട്ടുള്ള നിശിതമായ വിമർശനം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആ വിമർശനത്തിന് പരിഹാരമായി എന്തു നടപടിയാണ് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്?

<u>ശ്രീ. സി.കെ. നാണു</u> : സർ, ആ ദുരന്തം ദൗർഭാഗ്യകരമാണ്. അത് ആകസ്മികമായി ഉണ്ടായ ദൗർഭാഗ്യകരമായ സംഭവമാണ്. അതിനുശേഷം അത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ സാധിക്കുമോ അതെല്ലാം സ്വീകരിക്കുന്നതിനെ സംബന്ധിച്ച് ഈ വർഷംതന്നെ രണ്ട് സമ്മേളനങ്ങൾ സംസ്ഥാനത്തെ എല്ലാ വകുപ്പുകളേയും ബന്ധപ്പെടുത്തിക്കൊണ്ട് നടത്തി. കൂടാതെ പമ്പയിൽ ഒരു യോഗം നടത്തി. കേന്ദ്രമന്ത്രി ശ്രീ. ഒ. രാജഗോപാൽ വന്ന സന്ദർഭത്തിൽ ഞാനും ദേവസ്വം ബോർഡ് ഉദ്യോഗസ്ഥരും അവിടെയുള്ള ക്രമീകരണങ്ങളെ സംബന്ധിച്ച് കൂടുതൽ പരിശോധിച്ചു. പമ്പയിൽ അത്തരം ദൗർഭാഗ്യകരമായ സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ എന്തുചെയ്യാൻ സാധിക്കും. കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും. അവിടെ വരുന്നവർക്ക് കൂടുതൽ രക്ഷ നൽകുന്നതിനും എന്തൊക്കെ ചെയ്യാൻ കഴിയുമെന്നുള്ളതിനെ സംബന്ധിച്ച് ആലോചിച്ചു. അവിടെ ചെന്ന് അന്വേഷിച്ച അവസരത്തിൽ, അത്തരം സംഭവങ്ങളുണ്ടാകാൻ യാതൊരു സാദ്ധ്യതയുമുണ്ടായിരുന്നില്ല എന്നാണ് മനസ്സിലായത്. എന്നിട്ടും ആ സംഭവമുണ്ടായി. അത് ദൗർഭാഗ്യകരമാണ്. ആ വർഷവും എല്ലാ ക്രമീകരണങ്ങളും ചെയ്തുവെന്നാണ് ഗവൺമെന്റിൽ നിന്നും ദേവസ്വം ബോർഡിന്റെ ഭാഗത്തുനിന്നും അറിഞ്ഞത്. പക്ഷേ ഇത്രയും ആളുകൾ ഒരു ദിവസം വന്നുചേരുന്ന അവസരത്തിൽ ഉണ്ടാകുന്ന ഭവിഷ്യത്തുകൾ കണക്കിലെടുത്ത് അത് ഒഴിവാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാൻ കഴിയുമോ അതൊക്കെ സ്വീകരിച്ചുവരുന്നു. അതുസംബന്ധിച്ച് ഇനിയും ചർച്ച നടത്തും.

<u>ശ്രീ. പി. രാജു</u> : ഏറ്റവും കൂടുതൽ തീർത്ഥാടകർ വരുന്ന ക്ഷേത്രമാണ് ശബരിമല. മൂന്ന് കോടിയോളം ആളുകൾ തീർത്ഥാടനത്തിനായി ശബരിമലയിൽ വരുന്നുണ്ടെന്നാണ് അറിയുന്നത്. അങ്ങനെ തീർത്ഥാടനത്തിന് വരുന്ന ഭക്തജനങ്ങൾക്ക് പമ്പയിലും ശബരിമലയിലും നേരിടുന്ന പ്രധാനപ്പെട്ട പ്രശ്നം കുടിക്കാനുള്ള ശുദ്ധജലം കിട്ടുന്നില്ലെന്നുള്ളതാണ്. ഇത് പരിഹരിക്കുന്നതിന് നിരവധി പദ്ധതികളെക്കുറിച്ച് ചർച്ചചെയ്യപ്പെടുന്നുണ്ടെങ്കിലും ശാശ്വതമായ ഒരു നടപടിയും കാര്യമായി സ്വീകരിക്കാൻ കഴിഞ്ഞിട്ടില്ല. അതുകൊണ്ട് പുതുതായി നിർദ്ദേശിക്കപ്പെട്ടിട്ടുള്ള പമ്പയിലെ ശുദ്ധജല വിതരണ പദ്ധതിക്ക് ഏറ്റവും വേഗം അനുമതി നൽകാനും ആ പദ്ധതി ഒരു നിശ്ചിത സമയത്തിനുള്ളിൽ പൂർത്തീകരിച്ച് മൂന്നുകോടിയോളം വരുന്ന ജനങ്ങളുടെ താൽപര്യങ്ങൾ സംരക്ഷിക്കപ്പെടാൻ കഴിയുന്ന നടപടികൾ സ്വീകരിക്കാനും, ആ ശുദ്ധജലവിതരണ പദ്ധതിക്ക് അനുമതി

LIBRARY ARCHIVES Kerala Legislative Assembly

നൽകാനും ആവശ്യമായ നടപടി ഗവൺമെന്റും മറ്റ് ഏജൻസികളും ചേർന്നുകൊണ്ട് സ്വീകരിക്കുമോ?

ശ്രീ. സി.കെ. നാണു : തീർത്ഥാടകർക്ക് ശുദ്ധജലം ലഭ്യമാക്കുന്നതിലേയ്ക്കായി ഒരു ചെക്ക് ഡാം കൂടി കെട്ടുന്നുണ്ട്. വെള്ളം പമ്പു ചെയ്യാൻ ഒരു അഡീഷണൽ പമ്പ് സ്ഥാപിക്കുന്നതിനാവശ്യമായ നടപടികൾ ഈ വർഷത്തെ സീസൺ ആരംഭിക്കുന്നതിനു മുമ്പ് സ്വീകരിക്കുന്നതാണ്. അതേയവസരത്തിൽ 40 കോടി രൂപ ചെലവഴിക്കുന്ന കേരള വാട്ടർ അതോറിറ്റിയുടെ മാസ്റ്റർ പ്ലാൻ എങ്ങനെ നടപ്പിലാക്കാൻ കഴിയും എന്നതിനെ സംബന്ധിച്ചുള്ള ചർച്ചകൾ നടന്നുവരികയാണ്. കുടിക്കാനുള്ള വെള്ളത്തെക്കുറിച്ച് പല പരിശോധനകളും നടന്നതിന്റെ അടിസ്ഥാനത്തിൽ ശുഭകരമല്ലാത്ത വാർത്തകളാണ് കഴിഞ്ഞ ചർച്ചകളിലൊക്കെ ലഭിച്ചത്. അതുകൊണ്ട് ഈ വർഷം അവിടെ ആവശ്യത്തിന് ശുദ്ധജലം നൽകുകയെന്നുള്ളതിന്റെ അടിസ്ഥാനത്തിലുള്ള ക്രമീകരണങ്ങൾ നടത്തിവരുന്നുണ്ട്.

പ്രൊഫ. എ.വി. താമരാക്ഷൻ : പത്താം കേരള നിയമസഭയുടെ പരിസ്ഥിതി സമിതി കേരളത്തിലെ വിദഗ്ദ്ധൻമാരുമായി ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് പരിസ്ഥിതി സംരക്ഷിച്ചുകൊണ്ട് ശബരിമലയുടെ സമഗ്ര വികസനത്തിനുവേണ്ടി ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കി സമർപ്പിച്ചത്. ദേവസ്വംബോർഡ് ആ റിപ്പോർട്ടിന് കടലാസിന്റെ വില പോലും കൽപ്പിച്ചില്ല. ആ റിപ്പോർട്ട് നടപ്പിലാക്കിയിരുന്നുവെങ്കിൽ ആ ദുരന്തംപോലുമുണ്ടാകുമായിരുന്നില്ല. ആ ദുരന്തത്തെ സംബന്ധിച്ച് പഠിക്കാൻ ഗവൺമെന്റ് നിയോഗിച്ച ജസ്റ്റിസ് ചന്ദ്രശേഖരൻ കമ്മീഷൻ ഞങ്ങൾ കൊടുത്ത റിപ്പോർട്ടിനെ മുക്തകണ്ഠം പ്രശംസിച്ചിരിക്കുകയാണ്. ഈ പശ്ചാത്തലത്തിലെങ്കിലും നിയമസഭയുടെ പരിസ്ഥിതി സമിതി ഗവൺമെന്റിന് സമർപ്പിച്ചിട്ടുള്ള ആ റിപ്പോർട്ടിനെ അടിസ്ഥാനപ്പെടുത്തിക്കൊണ്ട് ശബരിമലയുടെ വികസനത്തിനുവേണ്ടി നടപടി സ്വീകരിക്കാൻ തയ്യാറാകുമോ?

ശ്രീ. സി.കെ. നാണു : പരിസ്ഥിതി കമ്മിറ്റിയുടെ റിപ്പോർട്ട് ദേവസ്വം ബോർഡ് പരിശോധിച്ചിട്ടില്ല, നിരാകരിച്ചുവെന്ന് എനിക്ക് തോന്നുന്നില്ല. പരിസ്ഥിതി കമ്മിറ്റിയുടെ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്ന പല കാര്യങ്ങളും നടപ്പിലാക്കാനും ദേവസ്വംബോർഡ് തന്നെ അതിന്റെ പരിമിതികൾ മനസ്സിലാക്കി, ആവശ്യങ്ങൾ മനസ്സിലാക്കി, ദേവസ്വം ബോർഡും വനംവകുപ്പും ഗവൺമെന്റുമെല്ലാം ചേർന്നുകൊണ്ട് ശബരിമലയ്ക്കുവേണ്ടി ഒരു പുതിയ മാസ്റ്റർ പ്ലാൻ ഉണ്ടാക്കിക്കൊണ്ടിരിക്കുകയാണ്. പരിസ്ഥിതി കമ്മിറ്റിയുടെ റിപ്പോർട്ടും അതുപോലെ നിയമസഭയിലെ ഒന്നു രണ്ടു കമ്മിറ്റികൾ അവിടെ പോയി പരിശോധിച്ചതിന്റെ റിപ്പോർട്ടും ഉണ്ട്. നമുക്ക് ചെയ്യാൻ കഴിയുന്നത് ഇപ്പോൾ കേന്ദ്ര വനം വകുപ്പ് അനുവദിക്കുന്നതേ അവിടെ ചെയ്യാൻ കഴിയുകയുള്ളൂ. അത്തരത്തിലുള്ള ചില കാര്യങ്ങളുണ്ട്. പരിസ്ഥിതി കമ്മിറ്റി തന്നെ അവിടെയുള്ള കോൺക്രീറ്റ് കെട്ടിടങ്ങൾ മുഴുവൻ ഇടിച്ചു കളയണമെന്നുള്ള രൂപത്തിൽ പല അഭിപ്രായങ്ങളും പറഞ്ഞിട്ടുണ്ട്. ഇപ്പോൾഅത് സംബന്ധിച്ച് ചർച്ചകൾ നടത്തുകയാണ്. ശബരിമലയ്ക്ക് വനത്തിന്റേതായ അന്തരീക്ഷം നിലനിർത്തണമെന്നുള്ള അഭിപ്രായമുണ്ട്. അതേയവസരത്തിൽ ശബരിമലയിൽ ലക്ഷക്കണക്കിന് തീർത്ഥാടകർ വരുന്ന അവസരത്തിൽ കുറച്ച് ആളുകൾക്കെങ്കിലും താമസിക്കാൻ സൗകര്യം കൊടുക്കാനുള്ള കെട്ടിടങ്ങൾ അവിടെ ആവശ്യമുണ്ട് എന്നുള്ള അഭിപ്രായവും ഉണ്ട്. ഒരു ഭാഗത്ത് വനം അതേപടി നിലനിർത്താനുള്ള ചർച്ചകൾ നടന്നുകൊ

LIBRARY ARCHIVES Kerala Legislative Assembly

ണ്ടിരിക്കുകയാണ്. ഇപ്പോൾ നമ്മൾ ചെയ്യാൻ പോകുന്നത് റോഡുകൾ വീതിയുള്ളതാക്കുക. അതുപോലെ തിരക്ക് ഒഴിവാക്കാൻവേണ്ടി മറ്റുഭാഗങ്ങളിലേക്ക് ഒരു അഡീഷണൽ റോഡുകൂടിയുണ്ടാക്കുക തുടങ്ങിയ കാര്യങ്ങളാണ്.

ശ്രീ. സി.പി. ബാലൻ വൈദ്യർ : സർ, ഒരേ സമയത്ത് ലക്ഷക്കണക്കിന് ഭക്തജനങ്ങൾ സന്ദർശനത്തിനെത്തുന്ന ഇൻഡ്യയിലെ ഏറ്റവും പ്രധാനപ്പെട്ട തീർത്ഥാടന കേന്ദ്രമാണ് ശബരിമല. അവിടെ വരുന്ന തീർത്ഥാടകർക്കാവശ്യമായ യാത്രാസൗകര്യവും പ്രാഥമിക സൗകര്യങ്ങളുമുണ്ടാക്കാൻ കേന്ദ്രഗവൺമെന്റ് അനുകൂലമല്ലാത്ത, ക്രൂരമായ നടപടിയെടുക്കുന്നതിന്റെ ഫലമായിട്ടാണ് ശബരിമലയിലെ ഇന്നത്തെ പ്രശ്നമെല്ലാം നിലനിൽക്കുന്നത്. കോൺഗ്രസ്സിന്റെ നേതൃത്വത്തിലുള്ള മുൻകേന്ദ്ര ഗവൺമെന്റായാലും ബി.ജെ.പി.യുടെ നേതൃത്വത്തിലുള്ള ഇപ്പോഴത്തെ കേന്ദ്രഗവൺമെന്റായാലും ശബരിമല ഭക്തൻമാരോട് വളരെ ക്രൂരമായ ഒരു സമീപനമാണ് സ്വീകരിക്കുന്നതെന്നുള്ളത് മനസ്സിലാക്കിക്കൊണ്ട് ഭക്തജനങ്ങളെയാകെ കൂട്ടിയോജിപ്പിച്ചുകൊണ്ട് കേന്ദ്രഗവൺമെന്റിന്റെ ഈ തെറ്റായ നയങ്ങൾക്കെതിരായി ശക്തമായ സമ്മർദ്ദം ചെലുത്താൻ ദേവസ്വത്തിന്റെകൂടി ചാർജ്ജ് വഹിക്കുന്ന ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകുമോ?

ശ്രീ. സി.കെ. നാണു : ഇത് ഭക്തിയുടെ പ്രശ്നമാണ്, തീർത്ഥാടകർക്ക് സൗകര്യമൊരുക്കുന്ന പ്രശ്നമാണ്. നമുക്കെല്ലാവർക്കും അറിയാവുന്നതുപോലെ ദേവസ്വംബോർഡ് പരിപൂർണ്ണമായും സർക്കാരിന്റെ നിയന്ത്രണത്തിലാണെന്ന് പറയാൻ കഴിയുകയില്ല. അപ്പോൾ ദേവസ്വം ബോർഡിന്റെ ചുമതലകൾ, ക്ഷേത്രം നിലകൊള്ളുന്ന സ്ഥലത്തെ വനംവകുപ്പിന്റെ ചുമതലകൾ അതുപോലുള്ള കാര്യങ്ങളിൽ പലതിനും കേന്ദ്ര ഗവൺമെന്റിന്റെ അനുവാദം ലഭിക്കേണ്ടതുണ്ട്. ചില മേഖലകളിൽ നിന്ന് ചിലപ്പോൾ നാം ഉദ്ദേശിക്കാത്ത രൂപത്തിലുള്ള തീരുമാനങ്ങൾ വരും. ആ തീരുമാനങ്ങൾ തിരുത്തിക്കുന്നതിനാവശ്യമായ സമ്മർദ്ദം വീണ്ടും ചെലുത്തി ശബരിമല കേരളത്തിന് അഭിമാനകരമായ രൂപത്തിലെത്തിക്കുക ..... ഈ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ശബരിമലയിൽ വരുന്ന തീർത്ഥാടകർക്ക് മറ്റേത് തീർത്ഥാടന കേന്ദ്രത്തിൽ ചെല്ലുമ്പോൾ ലഭിക്കുന്നതിനേക്കാളും നല്ലസൗകര്യങ്ങൾ ലഭിച്ചുവെന്ന് പറയിക്കാൻ കഴിയുന്ന രൂപത്തിലുള്ള നടപടികൾ, സംസ്ഥാന ഗവൺമെന്റ്, എല്ലാ ഡിപ്പാർട്ടുമെന്റുകളേയും സഹകരിപ്പിച്ചുകൊണ്ട് എടുക്കുന്നതാണ്.

ശ്രീ. പി.സി. ജോർജ് : സർ, ബഹുമാനപ്പെട്ട മന്ത്രി ഇവിടെ മറുപടി പറഞ്ഞപ്പോൾ ഇടുക്കിജില്ല എന്ന് പറയുകയുണ്ടായി. ശബരി റെയിൽവേ ലൈൻ പോകുന്നതിന് ഇപ്പോഴുള്ള പ്രൊപ്പോസൽ എറണാകുളം, കോട്ടയം, പത്തനംതിട്ട ജില്ലകൾ മാത്രമാണ്. ശബരി റെയിൽവേയുടെ പ്രൊപ്പോസൽ കേന്ദ്രഗവൺമെന്റിന്റെ മുൻപിൽ സമർപ്പിച്ചത് 1987-ൽ അധികാരത്തിലിരുന്ന നായനാർ ഗവൺമെന്റാണ്. അതിനുവേണ്ടി ഇടുക്കി എം.പി., കോട്ടയം എം.പി., മൂവാറ്റുപുഴ എം.പി. തുടങ്ങിയവർ പ്രവർത്തിക്കുന്നുണ്ട്. എന്റെ നിയോജകമണ്ഡലത്തിൽക്കൂടിയാണ് ഈ റെയിൽവേ പോകേണ്ടത്, അതുകൊണ്ടാണ് പറയുന്നത്. ഇപ്പോഴത്തെ പ്രൊപ്പോസലനുസരിച്ചാണെങ്കിൽ ഈ റെയിൽവേ ലൈൻ ശബരിമലവരെ വരുമ്പോൾ ..... ഇവിടെ ചർച്ചയിൽ പറഞ്ഞതുപോലെ ചില സമയങ്ങളിൽ മാത്രമാണ് അവിടെ നട തുറക്കുന്നതും പ്രാർത്ഥന

LIBRARY ARCHIVES Kerala Legislative Assembly

നടക്കുന്നതും. ആ സമയത്ത് മാത്രമായി ഈ ട്രെയിൻ പോകുന്നുവെങ്കിൽ സീസണലായി മാറുമെന്നുള്ളതുകൊണ്ട് ഈ റെയിൽവേലൈൻ പുനലൂർവഴി തിരുവനന്തപുരംവരെ നീട്ടാനുള്ള പ്രൊപ്പോസൽ കൊടുക്കാൻ തയ്യാറാകുമോ?

<u>ശ്രീ. സി.കെ. നാണു</u> : ഞാൻ പറഞ്ഞത് ഇടുക്കി പാർലമെന്റ് അംഗം ശബരി റെയിൽവേ ലൈൻ യാഥാർത്ഥ്യമാക്കാൻ പരമാവധി ശ്രമിക്കുന്നുവെന്നാണ്. (തടസ്സം)..... ഞാനൊന്ന് പറയട്ടെ. ഞാൻ പറയുന്നത് ശ്രീ. രമേശ് ചെന്നിത്തല എം.പി, ഇടുക്കി പാർലമെന്റ് അംഗം, അതുപോലെ മൂവാറ്റുപുഴ എം.പി., അടൂർ എം.പി. ..... അന്ന് ചർച്ചയ്ക്ക് പ്രധാനമായിട്ടുണ്ടായിരുന്നത് അവരാണ്. അതുമാത്രമാണ് ഞാൻ സൂചിപ്പിച്ചത്. കഴിഞ്ഞ കാലത്തുള്ള എം.പി.മാർ..... ഇപ്പോൾ ഇദ്ദേഹം പുതുതായി എം.പി. യായി വന്നതാണ്. കഴിഞ്ഞ മീറ്റിംഗിൽ അദ്ദേഹം റെയിൽവേ ലൈനിനു വേണ്ടി വാദിക്കുന്നത് ഞാൻ കണ്ടു. അതുകൊണ്ടാണ് സൂചിപ്പിച്ചത്. എല്ലാ എം.പി മാരും രാഷ്ട്രീയ വ്യത്യാസമില്ലാതെ ഇതിനുവേണ്ടി ശ്രമിക്കുന്നതാണ്. (തടസ്സം) ..... ഇവിടത്തെ പ്രശ്നം ഇത് കൊണ്ടുവന്നതിന്റെ അല്ല, ഇവിടത്തെ പ്രശ്നം ശബരി റെയിൽവേ എത്രയും വേഗം യാഥാർത്ഥ്യമാക്കണം എന്നുള്ളതാണ്. എം.പി.മാർ മുഴുവൻ അതിനുവേണ്ടി അങ്ങേയറ്റം പരിശ്രമിച്ചിട്ടുണ്ട്. കഴിഞ്ഞ പ്രാവശ്യം ചർച്ച വന്നു. ആ അവസരത്തിൽ ഇടുക്കി എം.പി. ശ്രീ. ഫ്രാൻസിസിന് സുഖമില്ലാത്തതുകൊണ്ട് അദ്ദേഹം ആ ചർച്ചയിൽ പങ്കെടുത്തില്ല. ശ്രീ. ഒ. രാജഗോപാലും ശ്രീ. രമേശ് ചെന്നിത്തലയും മാത്രമാണുണ്ടായിരുന്നത്. ബാക്കിയുള്ളവരാരുമില്ലേയെന്ന് ചോദിച്ചാൽ ഞാൻ എന്തുചെയ്യും? ആ ഭാഗത്തുള്ള എല്ലാ എം.പി.മാരും സഹായിച്ചിട്ടുണ്ട്.

<u>ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ</u> : സർ, വടക്കൻ കേരളത്തിലേയും കർണ്ണാടകത്തിലേയും ശബരിമല തീർത്ഥാടകരുടെ ഇടത്താവളമാണ് ഭാരതപ്പുഴയുടെ തീരത്തുള്ള മിനി പമ്പ എന്നറിയപ്പെടുന്ന സ്ഥലം. എന്റെ നിയോജകമണ്ഡലത്തിലെ തവനൂർ പഞ്ചായത്തിലാണ് മിനി പമ്പ എന്നറിയപ്പെടുന്ന ഭാരതപ്പുഴയുടെ തീരത്തെ ഈ സ്ഥലം. അവിടെ എല്ലാപ്രാവശ്യവും അയ്യപ്പഭക്തന്മാർ മുങ്ങിമരിക്കുന്നുവെന്ന് പരാതിയുണ്ടായതിന്റെ അടിസ്ഥാനത്തിൽ ജനങ്ങളെല്ലാംകൂടി അവിടെ കഴിഞ്ഞപ്രാവശ്യം സുരക്ഷാനടപടികളെടുത്തിരുന്നു. ഗവൺമെന്റിന്റെ ഭാഗത്തുനിന്നും കാര്യമായ യാതൊരു സഹായവും അതിന് കിട്ടിയില്ല. മാത്രമല്ല അവിടെ സ്റ്റെപ്പ് കെട്ടാൻവേണ്ടിയുള്ള ഒരു പ്രൊപ്പോസൽ ഗവൺമെന്റിലേക്ക് അയച്ചിരുന്നു, അത് മേജർ ഇറിഗേഷൻ ഡിപ്പാർട്ടുമന്റിന്റെ കൈയിലായിരുന്നു. മിനിപമ്പയുടെ വികസനത്തിനുതകുന്ന തരത്തിലുള്ള ഈ സ്റ്റെപ്പ് കെട്ടാൻവേണ്ടിയുള്ള പ്രവർത്തനവും ഈ സുരക്ഷാ പ്രവർത്തനവും ഗവൺമെന്റ് അംഗീകരിച്ചില്ല. പണമില്ലെന്ന കാരണം പറഞ്ഞ് ആ പ്രൊപ്പോസൽ ഒഴിവാക്കുകയാണുണ്ടായത്. അതുകൊണ്ട് ദേവസ്വം വകുപ്പുമന്ത്രിയും ജലസേചനവകുപ്പുമന്ത്രിയും കൂടി ഇടപെട്ട് മിനിപമ്പയുടെ വികസനം സംബന്ധിച്ച് ഗവൺമെന്റിൽ ഇപ്പോഴുള്ള പ്രൊപ്പോസൽ പൂർത്തിയാക്കാൻ വേണ്ടിയുള്ള താൽപ്പര്യം എടുക്കുമോ?

<u>ശ്രീ. സി.കെ. നാണു</u> : അക്കാര്യം പരിശോധിക്കാവുന്നതാണ്. അതിനാവശ്യമായ നടപടികൾ വളരെ വേഗം സ്വീകരിക്കും.

LIBRARY ARCHIVES Kerala Legislative Assembly